(സി) ഉപഭോക്താവിന്റെ സ്വന്തം സ്ഥലത്തുകൂടി മാത്രമേ ഇപ്പോൾ കേബിളിട്ടു കണക്ഷൻ നൽകാൻ അനുവാദമുള്ളൂ. കണക്ഷൻ മുൻഗണനാക്രമം അനുസരിച്ച് നൽകുന്നുണ്ട്. അതായത് സെക്ഷനിലെ അസിസ്റ്റന്റ് എഞ്ചിനീയർമാർക്കാണ് കണക്ഷൻ നൽകുന്നതിനുള്ള ഉത്തരവാദിത്വം. ആവശ്യമായ പണം അടച്ചു കഴിഞ്ഞാൽ ഒ.വൈ.ഇ. സി. വെതർപ്രൂഫ് കണക്ഷനായി പരിഗണിച്ച് പ്രയോറിറ്റിയിൽ കണക്ഷൻ നൽകുന്നതാണ്. സാധാരണഗതിയിൽ ഒരു മാസമാണ് ആവശ്യമായ കാലാവധി.

(ഡി) പെൻഡിംഗില്ല.

(ഇ) പുതുക്കിയ നിബന്ധനകൾക്ക് വിധേയമായി എല്ലാ സ്ഥാപനങ്ങൾക്കും ഭൂമിക്കടിയിലൂടെ കണക്ഷൻ നൽകുന്നുണ്ട്. ഈ പദ്ധതി നിലവിലില്ലാത്ത ഒരു സ്ഥലവുമില്ല.

വൈദ്യുതി മോഷണം

9 [1097] ശ്രീ. എ. എ. അസീസ് :

,, കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി മോഷണം കണ്ടു പിടിക്കുന്നതിനായി സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ബി) യു.ഡി.എഫ്. സർക്കാർ അധികാരമേറ്റെടുത്ത ശേഷം നാളിതുവരെ എത്ര രൂപയുടെ വൈദ്യുതി മോഷണം കണ്ടെത്തിയിട്ടുണ്ട് ;

(സി) ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(ഡി) കുറ്റക്കാർക്കെതിരെ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസിന്റെയും (വിജിലൻസ് ആന്റ് സെക്യൂരിറ്റി) ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെയും നിയന്ത്രണത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് കേന്ദ്രമാക്കി എ.പി.ടി.എസ്. റീജിയണൽ യൂണിറ്റും അതിനു കീഴിൽ 8 എ.പി.ടി.എസ്. സ്ക്വാഡുകളും രൂപീകരിച്ചിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ പട്ടണങ്ങൾ കേന്ദ്രമാക്കി ഓരോ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ പ്രവർത്തനം 1/-4-2004 മുതൽ ആരംഭിച്ചിട്ടുണ്ട്.

(ബി) 49,43,40,220 രൂപയുടെ വൈദ്യുതി മോഷണം കണ്ട് പിടിക്കപ്പെട്ടിട്ടുണ്ട്.

(സി)

ജില്ല	തുക (₹)
തിരുവനന്തപുരം	1,05,48,352
കൊല്ലം	1,56,06,234
പത്തനംതിട്ട	73,26,675

LIBRARY ARCHIVES Kerala Legislative Assembly

കോട്ടയം	45,06,812
ആലപ്പുഴ	45,00,000
എറണാകുളം	9,23,82,558
തൃശ്ശൂർ	1,82,21,089
ഇടുക്കി	11,87,800
കാസർഗോഡ്	33,97,000
കോഴിക്കോട്	2,60,17,072
മലപ്പുറം	78,53,000
പാലക്കാട്	30,10,97,716
കണ്ണൂർ	7,16,610
വയനാട്	9,79,272
ആകെ	49,43,40,220

(ഡി) പീനൽ അസസ്മെന്റ് നടത്തുകയും തുക അടയ്ക്കുന്നതുവരെ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുകയും ചെയ്തിട്ടുണ്ട്. കുടിശ്ശിക അടയ്ക്കാത്തവർക്കെതിരെ ആർ. ആർ. നടപടികളും എടുത്തു വരുന്നു.

ആന്റി തെഫ്റ്റ് സ്കാഡിന്റെ പ്രവർത്തനം

10 [1098] ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ബോർഡിന്റെ നിയന്ത്രണത്തിലുള്ള ആന്റി തെഫ്റ്റ് സ്കാഡ് 2004 ഒക്ടോബർ മുതൽ എത്ര മോഷണ കേസ്സുകൾ കണ്ടെത്തി രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ ;

(ബി) എത്ര തുകയ്ക്കുള്ള വൈദ്യുതി മോഷണമാണ് ഓരോ കേസ്സിലും കണ്ടെത്തിയിരിക്കുന്നതെന്ന് വിശദമാക്കാമോ ;

(സി) ഈ സ്ഥാപനങ്ങളിൽ വൈദ്യുതി അപഹരണം എത്ര വർഷമായി നടന്നുവരുന്നുവെന്ന് വെളിപ്പെടുത്തുമോ ;

(ഡി) വൈദ്യുതാപഹരണം തടയുന്നതിന് എന്തെല്ലാം നടപടികൾ പരിഗണനയിലുണ്ടെന്നറിയിക്കാമോ ?

ഉത്തരം

(എ ആന്റ് ബി) 83 എണ്ണം. 14,91,61,486 (പതിനാല് കോടി തൊണ്ണൂറ്റി ഒന്നു ലക്ഷത്തി അറുപത്തി ഒന്നായിരത്തി നാനൂറ്റി എൺപത്തിയാറു) രൂപയുടെ വൈദ്യുതി മോഷണമാണ് കണ്ടെത്തിയിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly